REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** 03-01-2026 **സമയം** 12.30 PM

---

## പ്രധാന വാർത്തകൾ

- ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്തു.
- K-ടെറ്റ് വിഷയത്തിൽ സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി നൽകുമെന്ന് മന്ത്രി V ശിവൻകുട്ടി.
- KSRTC യ്ക്ക് സഹായമായി 93 കോടി 72 ലക്ഷം രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ.
- ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതെ SIR ഹിയറിങ്ങ് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ.
- ശബരിമലയിൽ ഭക്തജന തിരക്ക് തുടരുന്നു.

## വാർത്തകൾ വിശദമായി

ശ്രീബുദ്ധനുമായി ബന്ധപ്പെട്ട പിപ്രാഹ്വ തിരുശേഷിപ്പുകളുടെ അന്താരാഷ്ട്ര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിലെ റായ് പിത്തോറ സാംസ്കാരിക സമുച്ചയത്തിൽ ഉദ്ഘാടനം ചെയ്തു. പ്രദർശനത്തിന്റെ വിവിധ വിഭാഗങ്ങളും പ്രധാനമന്ത്രി സന്ദർശിച്ചു.

ന്യൂഡൽഹി നാഷണൽ മ്യൂസിയത്തിന്റെയും കൊൽക്കത്ത ഇന്ത്യൻ മ്യൂസിയത്തിന്റെയും ശേഖരങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന പിപ്രാഹ്വ ചരിത്ര അവശിഷ്ടങ്ങളും പുരാവസ്തുക്കളും ഇതാദ്യമായാണ് പ്രദർശിപ്പിക്കുന്നത്.

**1898-ൽ കണ്ടെത്തിയ തിരുശേഷിപ്പുകൾക്ക് ബുദ്ധമത ചരിത്ര പഠനത്തിൽ അതീവ പ്രാധാന്യമുണ്ട്. പൊതുജനങ്ങൾക്ക് കൂടുതൽ അറിവ് നൽകാൻ അത്യാധുനിക ദൃശ്യ-ശ്രാവ്യ സംവിധാനങ്ങൾ പ്രദർശനത്തിൽ ഒരുക്കിയിട്ടുണ്ട്.**

✪✪✪

**സാമൂഹ്യ പ്രവർത്തക സാവിത്രിഭായ് ഫൂലെയുടെ ജന്മവാർഷിക ദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സേവനത്തിലൂടെയും വിദ്യാഭ്യാസത്തിലൂടെയും സമൂഹത്തെ പരിവർത്തനം ചെയ്യാൻ ജീവിതം സമർപ്പിച്ച മഹാവനിതയെ രാഷ്ട്രം എന്നും ഓർമ്മിക്കുമെന്ന് നരേന്ദ്രമോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമത്വം, നീതി, കാരുണ്യം എന്നീ തത്വങ്ങളിൽ ഉറച്ചു വിശ്വസിച്ച വ്യക്തിത്വമായിരുന്നു സാവിത്രിഭായ് ഫൂലെയുടേതെന്ന് പ്രധാനമന്ത്രി പറഞ്ഞു.**

✪✪✪

**ഇന്ത്യയുടെ ആദ്യ വനിതാ സ്വാതന്ത്ര്യ സമര സേനാനി വീരമംഗൈ റാണി വേലു നാച്ചിയാറിന്റെ ജന്മവാർഷിക ദിനത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ സ്മരണാഞ്ജലി അർപ്പിച്ചു. കൊളോണിയൽ ആധിപത്യത്തിന് എതിരെ ഉറച്ചുനിന്ന ധീരയായ ഭരണാധികാരിയും ദീർഘദർശിയുമായിരുന്നു വേലു നാച്ചിയാരെന്ന് ഉപരാഷ്ട്രപതി സമൂഹിക മാധ്യമത്തിൽ കുറിച്ചു.**

✪✪✪

**വീരപാണ്ഡ്യ കട്ടബൊമ്മന്റെ ജന്മവാർഷികത്തിൽ ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ ശ്രദ്ധാഞ്ജലി അർപ്പിച്ചു. കൊളോണിയൽ അടിച്ചമർത്തലിന് എതിരെ ധീരമായി പോരാടി സ്വാതന്ത്ര്യ സമരത്തിന്റെ ദീപ സ്തംഭമായി മാറിയ ധീര പുത്രനായിരുന്നു വീരപാണ്ഡ്യ കട്ടബൊമ്മൻ എന്ന് ഉപരാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.**

✪✪✪

**K- ടെറ്റ് വിഷയത്തിൽ നിയമന ചട്ടം പാലിച്ച് ജോലിയിൽ പ്രവേശിച്ച അധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. ഇക്കാര്യത്തിൽ സുപ്രീംകോടതിയിൽ പുനഃപരിശോധനാ ഹർജി ഫയൽ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് അറിയിച്ചു. ദീർഘകാലമായി**

സേവനമനുഷ്ഠിക്കുന്ന അനുഭവ സമ്പത്തേറിയ അധ്യാപകരെ K- ടെറ്റ് ഇല്ലെന്ന പേരിൽ പിരിച്ചുവിടുന്നത് വിദ്യാഭ്യാസ ഗുണനിലവാരം തകർക്കുമെന്ന് മന്ത്രി പറഞ്ഞു. K- ടെറ്റ് കേരളത്തിൽ തുടങ്ങിയത് 2012 ൽ മാത്രമാണെന്നും, അതിനു മുമ്പ് ജോലിയിൽ പ്രവേശിച്ചവരോട്, ഇല്ലാതിരുന്ന യോഗ്യത നിർബന്ധമാണെന്ന് ഇപ്പോൾ പറയുന്നത് സ്വാഭാവിക നീതിക്ക് നിരക്കുന്നതല്ലെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

KSRTC യ്ക്ക് സഹായമായി 93 കോടി 72 ലക്ഷം രൂപകൂടി അനുവദിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. പെൻഷൻ വിതരണത്തിന് 73 കോടി 72 ലക്ഷം രൂപയും, മറ്റ് ആവശ്യങ്ങൾക്ക് 20 കോടി രൂപയുമാണ് ലഭ്യമാക്കിയത്. ഈ വർഷം 1,201 കോടി 56 ലക്ഷം രൂപ KSRTC യ്ക്ക് സംസ്ഥാന ഗവൺമെന്റ് സഹായമായി നൽകിയിട്ടുണ്ടെന്നും മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

കളമശ്ശേരിയിൽ വർക്ക് നിയർ ഹോം സൗകര്യമൊരുക്കാൻ കിഫ്ബി രണ്ട് കോടി 42 ലക്ഷം രൂപയുടെ സാമ്പത്തികാനുമതി നൽകിയതായി മന്ത്രി P രാജീവ് പറഞ്ഞു. കളമശ്ശേരി അസാപ് ഓഫീസിനോട് അനുബന്ധിച്ചാണ് പുതിയ സൗകര്യം ഏർപ്പെടുത്തുക. 172 വർക്ക്സീറ്റുകൾ കളമശ്ശേരി സെന്ററിലുണ്ടാകുമെന്നും മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു. IT, IT അനുബന്ധ മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ തൊഴിൽ സൗകര്യം ഒരുക്കുന്നതിനൊപ്പം വിദേശ കമ്പനികളെയും, ജീവനക്കാരെയും ആകർഷിക്കാൻ വർക്ക് നിയർ ഹോമിന് കഴിയുമെന്ന് മന്ത്രി വിശദീകരിച്ചു.

✪✪✪

കൊല്ലം റെയിൽവേ സ്റ്റേഷന് സമീപത്തെ ചീനക്കൊട്ടാരം ജനങ്ങൾക്ക് ഉപയോഗപ്രദമാകും വിധം സജ്ജമാക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. ചീനക്കൊട്ടാരം സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് പ്രതികരിക്കുകയായിരുന്നു അദ്ദേഹം.

കൊട്ടാരം നവീകരിച്ച് സംരക്ഷിക്കുമെന്നും, സ്വദേശി ദർശൻ പദ്ധതിയിൽ ഉൾപ്പെടുത്താനാകുമോ എന്ന് പരിശോധിക്കുമെന്നും സുരേഷ് ഗോപി അറിയിച്ചു.

✪✪✪

BJP സംസ്ഥാന കോർ കമ്മിറ്റി യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിർണായക തീരുമാനങ്ങൾ യോഗത്തിൽ ഉണ്ടായേക്കും. സ്ഥാനാർത്ഥി നിർണയ ചർച്ചകൾക്കും യോഗത്തിൽ തുടക്കം കുറിക്കും. തദ്ദേശ തിരഞ്ഞെടുപ്പിന് ശേഷം ചേരുന്ന BJP യുടെ ആദ്യ കോർ കമ്മിറ്റി യോഗമാണ് ഇത്.

✪✪✪

തദ്ദേശ തിരഞ്ഞെടുപ്പിൽ CPIM ഉം BJP ഉം തമ്മിൽ വോട്ടുകച്ചവടം നടത്തിയതായി മുതിർന്ന കോൺഗ്രസ് നേതാവ് K മുരളീധരൻ ആരോപിച്ചു. തിരുവനന്തപുരം കോർപറേഷനിലെ BJP ജയത്തിൽ CPIM ന് പങ്കുണ്ടെന്നും, മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

ശബരിമല സ്വർണക്കൊള്ള കേസിൽ പ്രതികളെ രക്ഷിക്കാൻ ശ്രമിച്ചാൽ ശക്തമായ സമരവുമായി UDF മുന്നോട്ടു പോകുമെന്ന് പറഞ്ഞ മുരളീധരൻ, SIT അന്വേഷണം ഇപ്പോൾ മന്ദഗതിയിലാണെന്നും കുറ്റപ്പെടുത്തി.

✪✪✪

വിദേശിയെ, കേസിൽ നിന്ന് രക്ഷപ്പെടുത്താൻ തൊണ്ടി മുതലിൽ, തിരിമറി നടത്തിയെന്ന കേസിൽ ആന്റണി രാജു കുറ്റക്കാരനെന്ന് തിരുവനന്തപുരം നെടുമങ്ങാട് മജിസ്ട്രേറ്റ് കോടതി വിധിച്ചു. കുറ്റപത്രം സമർപ്പിച്ച് 19 വർഷങ്ങൾക്ക് ശേഷമാണ് കോടതി വിധി.

✪✪✪

സംസ്ഥാനതല രജിസ്ട്രേഷൻ ദിനാചരണം നാളെ രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ കണ്ണൂർ അഞ്ചരക്കണ്ടിയിൽ ഉദ്ഘാടനം ചെയ്യും.

കണ്ണൂരിൽ നിന്ന് K.O ശശിധരൻ.......

................(വോയ്സ് ).........................

✪✪✪

ജനങ്ങളെ സഹായിക്കുന്ന രീതിയിൽ ബുദ്ധിമുട്ട് ഉണ്ടാകാതെ SIR ഹിയറിങ്ങ് നടത്തുമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ U കേൽക്കർ അറിയിച്ചു. തിരുവനന്തപുരത്ത് അംഗീകൃത രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്നവർക്കും, പ്രായമായവർക്കും, പ്രവാസികൾക്കും നേരിട്ട് എത്താതെ തന്നെ ഹിയറിങ്ങ് നടത്താൻ സൗകര്യം ഒരുക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

✪✪✪

വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഉപയോഗിക്കുന്ന EVM, VV പാറ്റ് യന്ത്രങ്ങളുടെ പ്രാഥമികതല പരിശോധന കലക്ടറേറ്റുകളിൽ ആരംഭിച്ചു. ഫെബ്രുവരി 16 വരെയാണ് പരിശോധന. പരിശോധനയിൽ അംഗീകൃത രാഷ്ട്രീയ കക്ഷികളുടെ സാന്നിധ്യം ഉറപ്പാക്കാൻ കലക്ടർമാർ നടപടി സ്വീകരിച്ചു. ഇതുമായി ബന്ധപ്പെട്ട അറിയിപ്പ് രാഷ്ട്രീയ പാർട്ടികൾക്ക് ഇതിനകം നൽകിയിട്ടുണ്ട്.

✪✪✪

മകരവിളക്ക് മഹോത്സവത്തിന് 11 ദിവസം ശേഷിക്കെ ശബരിമലയിൽ ഭക്തജന തിരക്ക് തുടരുന്നു. മണിക്കൂറുകൾ ക്യൂ നിന്നാണ് ഭക്തർ ദർശനം നടത്തുന്നത്.

നിലയ്ക്കൽ മുതൽ ഭക്തരെ നിയന്ത്രണങ്ങളോടെയാണ് കയറ്റി വിടുന്നത്. ഇന്നലെ നട അടച്ചത് മുതൽ ഇന്ന് രാവിലെ വരെ 44,205 തീർഥാടകരാണ് സന്നിധാനത്തെത്തിയത്.

✪✪✪

പാലക്കാട് ജില്ലയിൽ സപ്ലൈക്കോ മുഖേന രണ്ടാം വിള നെല്ല് സംഭരണ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. സപ്ലൈകോയുടെ വെബ്സൈറ്റ് വഴി കർഷകർക്ക് രജിസ്റ്റർ ചെയ്യാം. ഇതിന് വെബ്സൈറ്റ് തുറന്നിട്ടുണ്ടെന്ന് സപ്ലൈക്കോ അറിയിച്ചു.

പാലക്കാട് നിന്ന് ഫൈസൽ അലിമുത്ത്.............

................(വോയ്സ് )........................

✪✪✪

**മന്ത്രി G.R.അനിൽ പൊതുജനങ്ങളുമായി നേരിട്ടു സംവദിക്കുന്ന പ്രതിമാസ ഫോൺ - ഇൻ പരിപാടി ഉച്ചയ്ക്ക് 2 മുതൽ നടത്തും. ഭക്ഷ്യ പൊതുവിതരണ ലീഗൽ മെട്രോളജി ഉപഭോക്തൃകാര്യ വകുപ്പുകളെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും ജനങ്ങൾക്ക് മന്ത്രിയെ നേരിട്ട് അറിയിക്കാം.**

✪✪✪

**ലോകം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം, ഭാരതീയ ദർശനങ്ങളാണ് എന്നും ലോകത്തിന് ഗുരുസ്ഥാനീയമാകുന്ന രാഷ്ട്രം എന്ന സങ്കല്പം വളർത്തിയെടുക്കണമെന്നും ഹൈക്കോടതി ജഡ്ജി, ജസ്റ്റിസ് N നഗരേഷ് പറഞ്ഞു. ഭാരതീയ വിചാര കേന്ദ്രത്തിന്റെ 43-ാം വാർഷിക സമ്മേളനം കോഴിക്കോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.**

✪✪✪

**ദാദാഭായി നവറോജി മെമ്മോറിയൽ ഫൗണ്ടേഷൻ അവാർഡിന് വിദ്യാഭ്യാസ വിദഗ്ധൻ പ്രൊഫ. V. വേണു ഗോപാലിനെ തിരഞ്ഞെടുത്തതായി ഭാരവാഹികൾ അറിയിച്ചു. 25,000 രൂപയും ശില്പവും പ്രശംസാ പത്രവുമടങ്ങുന്ന അവാർഡ്, ജനുവരി 6 -ന് മനുഷ്യാവകാശ കമ്മീഷൻ ജൂഡീഷ്യൽ അംഗം K. ബൈജുനാഥ് സമ്മാനിക്കും.**

✪✪✪

**ചലച്ചിത്ര നടൻ T.P മാധവന്റെ പേരിൽ, ഗാന്ധിഭവൻ ഏർപ്പെടുത്തിയ അവാർഡ്, നടന്മാരായ മധുവിനും, ജഗതി ശ്രീകുമാറിനും സമ്മാനിക്കും.**

**മലയാള സിനിമയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം. 25,000 രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം നാളെ  രാവിലെ ജഗതിയുടെ വസതിയിലും, 6-ന് ഉച്ചയ്ക്ക് മധുവിന്റെ വീട്ടിലും  ഗാന്ധിഭവൻ ഭാരവാഹികൾ  സമ്മാനിക്കും.**

✪✪✪

**ഛത്തീസ്ഗഡിലെ ബിജാപൂർ ജില്ലയിൽ സുരക്ഷാ സേനയുമായി ഏറ്റുമുട്ടി രണ്ട് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. ജില്ലയിലെ ബസഗുഡ മേഖലയിൽ മാവോയിസ്റ്റ് സാന്നിധ്യമുണ്ടെന്ന രഹസ്യ വിവരത്തെ തുടർന്ന് സുരക്ഷാ സൈന്യം തിരച്ചിലിന് എത്തിയപ്പോഴാണ് ഏറ്റുമുട്ടലുണ്ടായത്.**

✪✪✪

**വരണാസിയിൽ 72-ാമത് സീനിയർ ദേശീയ വോളീബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന പുരുഷ വിഭാഗം കേരള ടീം ഇന്ന് യാത്ര തിരിക്കും. സംസ്ഥാന വോളിബോൾ അസോസിയേഷൻ കോഴിക്കോട്ട്, ടീമിന് യാത്രയയപ്പ് നൽകും.**

✪✪✪

**അണ്ടർ 19 പുരുഷ ക്രിക്കറ്റ്, മൂന്ന് മത്സര പരമ്പരയിലെ ആദ്യ ഏകദിനത്തിൽ ഇന്ത്യ ഇന്ന്, ദക്ഷിണാഫ്രിക്കയെ നേരിടും. ബെനോനിയിലെ വില്ലോമൂർ പാർക്കിൽ ഉച്ചയ്ക്ക് 1.30-നാണ് മത്സരം. ജനുവരി 15-ന് ആരംഭിക്കുന്ന ICC അണ്ടർ 19 ലോകകപ്പിന് തൊട്ടുമുമ്പ് ഇരു ടീമുകൾക്കും തയ്യാറെടുപ്പിന് മികച്ച അവസരമാണ് ഈ പരമ്പര.**

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: ശരണ്യ രാജൻ, രജിന കെ*
*DEO : ഷീബ*